
## ക ത്തു ക ൾ

# ഹിന്ദുത്വ ഭീകരരെ ചാനലുകൾക്ക് വേണ്ട, ബഹുഭാര്യാത്വം മതി!

**മാലേഗാവ്,** മൊഡാസ സ്ഫോടനങ്ങൾക്ക് പിന്നിൽ തീവ്ര ഹിന്ദുത്വ ഗ്രൂപ്പുകളാണെന്ന വെളിപ്പെടുത്തൽ മുസ്‌ലിംവിരുദ്ധ പ്രൊപഗണ്ടയുടെ അർഥശൂന്യത ബോധ്യപ്പെടുത്തുന്നു. അജ്മീർ, സംഝോത സ്ഫോടനങ്ങൾക്ക് പിറകിലും ഇതേ വിധ്വംസക ശക്തികൾ തന്നെയാണെന്നാണ് സൂചന. ബോംബ് നിർമാണത്തിനിടെ കാൺപൂരിലും നന്ദേഡിലും കണ്ണൂർ ചെറുവാഞ്ചേരിയിലും സംഘ്പരിവാർ പ്രവർത്തകർ കൊല്ലപ്പെടുന്നു. മക്കാ മസ്ജിദ് സ്ഫോടനത്തിന്റെ പേരിൽ പിടിക്കപ്പെട്ട മുസ്‌ലിം യുവാക്കളെ മൃഗീയമായ പീഡനത്തിനു ശേഷം ഒരു വർഷം കഴിഞ്ഞ് നിരപരാധികളെന്ന് കണ്ട് വിട്ടയക്കുന്നു. ജാമിഅ മില്ലിയ സംഭവത്തെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് സർക്കാർ തയാറായാൽ ഇത്തരം സംഘടനകളുടെ ഭീകരകരങ്ങൾ കണ്ടെത്താനാവും. മലയാളികളുടെ കശ്മീർ ബന്ധവും ഏറ്റുമുട്ടൽ മരണവും സംബന്ധിച്ച അന്വേഷണം എവിടെ തുടങ്ങണം, എവിടെ അവസാനിപ്പിക്കണം എന്നറിയാതെ കുഴങ്ങുകയാണ് നിയമപാലകരും അധികൃതരും. ഇത്തരം സംഭവങ്ങളെ ബ്രേക്കിംഗ് ന്യൂസായും ഫോൺ-ഇൻ-പരിപാടിയായും സംവാദമായും കാടിളക്കി വലിയ വായിൽ റിപ്പോർട്ട് ചെയ്ത ചാനലുകൾ, സത്യമറിയാതെ പൊതുജനമധ്യത്തിൽ മുസ്‌ലിം സമുദായത്തെ സംശയത്തിന്റെ നിഴലിൽനിർത്തി വേട്ടയാടുകയായിരുന്നു. ഹിന്ദുത്വ ഭീകരരുടെ പൊയ്മുഖം അടർന്നുവീണപ്പോഴാവട്ടെ, മുഖ്യധാരാ മാധ്യമങ്ങളും ചാനലുകളും മൗനത്തിന്റെ മഹാവാൽമീകത്തിൽ ഒളിക്കുകയും ചെയ്തു.




'നേരോടെ, നിരന്തരം, നിർഭയം' എന്ന മോട്ടോ എഴുതിക്കാണിക്കുന്ന ചാനൽ നേരു പറയുകയെന്ന 'കൈയബദ്ധം' സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇത്തരം ചാനലുകൾക്ക് ഇപ്പോൾ ചൂടുള്ള വിഷയം മുസ്‌ലിം സമുദായത്തിലെ ബഹുഭാര്യാത്വമാണ്. ഇത് മറ്റു വിഭാഗങ്ങളിലാണ് കൂടുതൽ ഉള്ളതെന്നത് വേറെ കാര്യം. ഈ വിഷയം 'അകത്തളമായും' 'കണ്ടതും കേട്ടതു'മായും 'സംവാദ'മായും 'ഇരക'ളെ കണ്ടെത്തി അഭിമുഖം നടത്തി സമുദായത്തെ ഇകഴ്ത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇനി തീവ്രവാദവും ഭീകരവാദവും ചർച്ചക്കെടുത്താൽ അത് തങ്ങളെതന്നെ തിരിഞ്ഞുകൊത്തുമെന്ന് ചാനലുകാർക്കറിയാം.

നിയമപാലകരുടെ നീതിരഹിതമായ പെരുമാറ്റവും മാധ്യമങ്ങളുടെ പക്ഷപാതപരമായ റിപ്പോർട്ടിംഗും ഒരു വിഭാഗത്തെ അപരവത്കരണത്തിലേക്കും അതുവഴി പ്രതിഭീകരതയിലേക്കും നയിച്ചേക്കുമെന്ന യാഥാർഥ്യം തിരിച്ചറിയാതെ, മുഖ്യധാരാ മുസ്‌ലിം രാഷ്ട്രീയ-മത സംഘടനകൾ പരസ്പരം മത്സരിച്ച് പഴിചാരി സ്വയം ഒരു വിഴുപ്പുഭാണ്ഡമായി മാറുന്ന ദാരുണ കാഴ്ചയാണ് മറുവശത്ത്. ഇസ്‌ലാമിക പ്രസ്ഥാനവും അതിന്റെ പ്രസിദ്ധീകരണ വിഭാഗവുമാണ് തീവ്രവാദത്തെ സ്പോൺസർ ചെയ്യുന്നതെന്നാണ് ഇത്തരം സംഘടനകളുടെ കുട്ടിനേതാക്കൾ വീമ്പടിക്കുന്നത്. സ്വന്തം സമുദായത്തെയാണ് തങ്ങൾ പ്രതിക്കൂട്ടിലാക്കുന്നതെന്ന് ഇവർ മനസ്സിലാക്കുന്നില്ല. എന്നാൽ ഇവരുടെ മാതൃസംഘടനകളുടെ നേതാക്കൾ യാഥാർഥ്യം തിരിച്ചറിഞ്ഞോ നിർബന്ധിതമായോ ഇസ്‌ലാമിക പ്രസ്ഥാനവുമായി ഐക്യവേദികൾ പങ്കിടുകയും ഭീകരതക്കെതിരെ സംയുക്ത പ്രസ്താവനകൾ ഇറക്കുകയും ചെയ്യുന്നു. അഖിലേന്ത്യാതലത്തിൽ സമുദായത്തിനെതിരെയുള്ള ആസൂത്രിത നീക്കം ചെറുക്കുന്നതിന് ജംഇയ്യത്തുൽ ഉലമയും അഹ്‌ലെ ഹദീസും ഇസ്‌ലാമിക പ്രസ്ഥാനവുമായി കൈകോർക്കുന്ന സന്തോഷകരമായ വർത്തമാനങ്ങളും കേൾക്കുന്നു.

സമുദായത്തിന്റെ കീഴിൽ അഞ്ച് ദിനപത്രങ്ങൾ, നൂറിലധികം ആനുകാലികങ്ങൾ, വനിതാ-ബാല പ്രസിദ്ധീകരണങ്ങൾ, വിവിധ പ്രസിദ്ധീകരണശാലകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതപഠനശാലകൾ, ഇരുപതിനായിരത്തിലധികം മദ്റസകൾ എന്നിവയൊക്കെ ഉണ്ടായിട്ടും സമുദായത്തിന്റെ നേർക്ക് വരുന്ന അർഥശൂന്യമായ വിമർശനങ്ങളെ ഐക്യബോധത്തോടെ നേരിടാൻ കഴിയാതെ പോകുന്നു. ആധുനിക സാങ്കേതിക വിദ്യകളെയും മീഡിയയെയും എങ്ങനെ പ്രയോഗിക്കാമെന്ന് ചിന്തിക്കാതെ, സംഗീതത്തെയും മറ്റും എങ്ങനെ ഹറാമാക്കാം എന്ന ഗവേഷണത്തിലാണ് ചിലർ. എല്ലാതരം സെൻസേഷനൽ മാധ്യമഭീകരതയെയും ഒറ്റക്കെട്ടായി എതിർക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

**വി. ഹശ്ഹാശ്**
**കണ്ണൂർ സിറ്റി**

# ഈ പോക്ക് എങ്ങോട്ട്?

**പൊള്ളുന്ന** യാഥാർഥ്യങ്ങൾക്ക് നേരെയാണ് 'ധൂർത്തിന്റെ മഹാമേളകൾ' എന്ന കത്തിലൂടെ (ലക്കം 23) കുറിപ്പുകാരൻ കണ്ണാടി പിടിച്ചിരിക്കുന്നത്.

നാട്ടിൽ ഏതാനും മാസത്തെ അവധിക്കാലത്ത് നേരിൽ കാണേണ്ടിവന്നതും, അനുഭവസ്ഥർ പറഞ്ഞുകേട്ടതുമായ കാര്യങ്ങൾ കരൾപിളർക്കുന്നതാണ്. പ്രായം ചെന്ന മാതാപിതാക്കൾക്കും കാരണവന്മാർക്കുമൊക്കെ വീട്ടുകാര്യസ്ഥന്റെയും ഡ്രൈവറുടെയും വിലപോലും കൽപിക്കാതെ മൂലക്കിരുത്തി, ഉറഞ്ഞുതുള്ളുന്ന ഈ യുവകോമരങ്ങളെ പിടിച്ചു നിർത്താനും സന്മാർഗത്തിന്റെ പാതയിലേക്ക് തിരിച്ചുവിടാനും സമുദായത്തിലെ ഉത്തരവാദപ്പെട്ടവർ മുന്നിട്ടിറങ്ങിയില്ലെങ്കിൽ സദാചാരരഹിതവും സാമൂഹികവിരുദ്ധവുമായ ഒരു പുതിയ തലമുറയാണ് വളർന്നുവരിക.

ഉപ്പയുടെ മാസംതോറുമുള്ള ഡ്രാഫ്റ്റ് നിലച്ചാൽ, ബാങ്ക് ലോക്കറുകൾ തുറക്കാനും ക്വട്ടേഷൻ സംഘത്തിലേക്ക് തിരിയാനും തുടങ്ങിയതിന്റെ ലക്ഷണങ്ങൾ ഇപ്പോൾതന്നെ കാണുന്നുണ്ട്. കവർച്ചയായാലും പെൺവാണിഭമായാലും പകുതിയോ അതിലധികമോ ബഷീറും മുജീബും സമീറും നിസാറു

മൊക്കെയായിരിക്കും പ്രതികൾ.

ഗൾഫിലെ തദ്ദേശീയ കുടുംബങ്ങളെ വെല്ലുന്നവിധം മൂന്നും നാലും കാറുകളാണ് ഓരോ വീട്ടുമുറ്റത്തും. ഉപ്പ ഖുബ്ബൂസും പച്ചവെള്ളവും കഴിച്ച് മിച്ചം വെച്ചയക്കുന്ന പണം ധൂർത്തടിച്ച്, ഫിനാൻസ് കമ്പനിക്കാരന്റെ മോഹവലയത്തിൽ വീണ് വിവിധ കമ്പനിക്കാരുടെ നവാഗത കാറുകൾ വാങ്ങി വിലസുകയാണ് ഈ യുവതലമുറ. ഏതാനും വർഷം മുമ്പുവരെ, മൂത്ത പെൺകുട്ടിയെ കെട്ടിയച്ചക്കാൻ പണത്തിനു വേണ്ടി ഉദാര മനസ്കരുടെ മുമ്പിൽ കൈനീട്ടിയിരുന്ന ഒരു കുടുംബത്തിന്റെ വീട്ടുമുറ്റത്ത് മൂന്ന് കാറുകൾ കണ്ടപ്പോൾ അത്ഭുതം തോന്നി. മൂന്ന് ആൺ മക്കളും ഒന്നിച്ച് ഒരു വാഹനത്തിൽ പോവില്ലത്രെ. തെക്കും വടക്കും പടിഞ്ഞാറുമായി ഓരോരുത്തനും തന്റെ 'ഗ്യാങ്ങു'കളുമായി ഓരോ ദിശയിലാണ് വിലസൽ. ഭക്ഷണം മിക്കപ്പോഴും നഗരത്തിലെ താര ഹോട്ടലുകളിൽ. വീട്ടിൽ ഭക്ഷണം കഴിക്കാനെത്തുന്നത് വളരെ അപൂർവം എന്ന് കണ്ണീരോടെ ഉമ്മ.

പയ്യന്മാരെ വെല്ലുന്ന 'പയ്യത്തി'കളും രംഗത്തുണ്ട്. മൊബൈൽ ഫോണിലൂടെ ബോയ്ഫ്രണ്ടിനെ (കാമുകനെയല്ല) വിളിച്ചുവരുത്തി ആഡംബര കാറുകളിലും മൾട്ടി സ്പെഷ്യാലിറ്റി ഷോപ്പിംഗ് മാളുകളിലും ഐസ്ക്രീം പാർലറുകളിലെ വെളിച്ചം കുറഞ്ഞ മുറികളിലും സിനിമാ രംഗങ്ങളെ നാണിപ്പിക്കുന്ന ആഭാസ പ്രേമലീലകളാണ് അഭിനയിച്ചുതീർക്കുന്നത്.

മറ്റൊരു വിപത്തുകൂടി ചൂണ്ടിക്കാണിക്കാതിരിക്കാൻ വയ്യ. ഹിന്ദി സിനിമാ വിവാഹരംഗങ്ങളിലെ വേഷഭൂഷാദികൾ കെട്ടി പരിപാവനമായ വിവാഹച്ചടങ്ങുകൾ പേക്കൂത്താക്കി മാറ്റുന്നു. ഈ 'വാനരപ്പട'യെ നിലക്കു നിർത്തിയില്ലെങ്കിൽ പാവം പെൺകുട്ടികളുടെ പിതാക്കൾ ധന-മാനഹാനി മൂലം ആത്മഹത്യ ചെയ്യേണ്ടിവരുന്ന കാലം വിദൂരമായിരിക്കില്ല. അത്രമാത്രം ക്രൂരതകളാണ് ഇവർ പെൺവീട്ടുകാരോടും ഉപ്പമാരോടും ചെയ്യുന്നത്. ഈ 'വാനരന്മാരുടെ' വിക്രിയകൾ മൂലം പത്തുപതിനയ്യായിരം രൂപ ചെലവാക്കി മെനക്കെട്ടുണ്ടാക്കിയ ഭക്ഷ്യവിഭവങ്ങൾ ചവറ്റുകൂനയിലേക്കെറിയേണ്ടിവന്ന സംഭവം (മാഹിയിൽ ഈയടുത്ത കാലത്ത് നടന്നത്) സുഹൃത്ത് വിവരിച്ചപ്പോൾ, തൊട്ടടുത്ത പെട്ടിപ്പാലം കോളനിയിൽ ഒരുനേരത്തെ ആഹാരത്തിന് വകയില്ലാതെ കണ്ണീർ പൊഴിച്ചും വിധിയെ പഴിച്ചും കഴിഞ്ഞുകൂടുന്ന നിരാലംബ കുടുംബങ്ങളെ ഓർത്തുപോയി. ഇതിനൊക്കെ പടച്ചവന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരുമെന്ന സത്യം ആരാണ് ഇവരെ ബോധ്യപ്പെടുത്തുക?

**കെ.കെ റഹ്മത്തുല്ല തലശ്ശേരി**
**ദോഹ-ഖത്തർ**

# ചുരുക്കെഴുത്ത്

**മുസ്‌ലിം** ചെറുപ്പക്കാരെ ഭീകരരാക്കി ചിത്രീകരിച്ച്, സാമ്രാജ്യത്വ ഫാഷിസ്റ്റ് ശക്തികൾ അവരുടെ അജണ്ട നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. എവിടെ സ്ഫോടനം നടന്നാലും സിമി, ഇന്ത്യൻ മുജാഹിദീൻ തുടങ്ങിയ പേരുകൾ വിളിച്ചുപറഞ്ഞ് നിരപരാധികളായ മുസ്‌ലിം ചെറുപ്പക്കാരെ വേട്ടയാടിയപ്പോൾ, സംഭവത്തിൽ ദുരൂഹതയുണ്ടെന്നും സമഗ്രമായ അന്വേഷണം വേണമെന്നും ചില സംഘടനകളും മാധ്യമങ്ങളും ആവശ്യപ്പെട്ടു. അപ്പോൾ ഭീകരരെ സഹായിക്കുന്നു എന്നായി ചിലരുടെ ആക്രോശം. എന്നാൽ *തെഹൽക* റിപ്പോർട്ടും ഏറ്റവുമൊടുവിൽ മാലേഗാവ് സ്ഫോടനങ്ങൾക്ക് പിന്നിൽ ഹിന്ദു ജാഗരൻ മഞ്ചും എ.ബി.വി.പിയുമാണെന്ന മഹാരാഷ്ട്ര പോലീസിന്റെ കണ്ടെത്തലും ഞെട്ടിക്കുന്ന ചില സത്യങ്ങൾ വിളിച്ചു പറയുന്നു. ഭീകരവാദത്തിന്റെ പേറ്റന്റ് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും തലയിൽ കെട്ടിവെച്ച ചിലർക്ക്, ഭീകരവാദത്തിന് മതമില്ലെന്ന് ഇപ്പോഴാണത്രെ അരുളപ്പാടുണ്ടായത്!

**ടി.എം.സി സിയാദലി**

**ഭീകരതാവിരുദ്ധ** സ്ക്വാഡിന്റെ അന്വേഷണം യഥാർഥ വഴിയിലൂടെ നീങ്ങിയപ്പോൾ മാലേഗാവ് സ്ഫോടനക്കേസിൽ സന്യാസിമാർ ഉൾപ്പെടെ കേണൽ ശ്രീകാന്ത് വരെ പിടിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ ഒട്ടനവധി സ്ഫോടനങ്ങളെക്കുറിച്ചും ഇതുപോലെ പുനരന്വേഷണം നടക്കുമെന്ന് കരുതുന്നു. ഇപ്പഴിതാ പാനൂരിൽനിന്ന് 125 ബോംബുകൾക്ക് പുറമേ വീണ്ടും നിരവധി ബോംബുകൾ കണ്ടെത്തിയിരിക്കുന്നു. ഇതിന്റെയൊക്കെ ഉറവിടം കണ്ടെത്താൻ ഏറെയൊന്നും വിയർക്കേണ്ടതില്ല. ഹിന്ദുത്വ തീവ്രവാദ സംഘടനകളാണ് ഇതിന്റെയൊക്കെ പിന്നിൽ എന്ന് തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

**നേമം താജുദ്ദീൻ**
**തിരുവനന്തപുരം**

**പി.കെ ജമാൽ** എഴുതിയ 'തലമുറകളുടെ രാജശിൽപി' (ലക്കം 21,22) 'സഖാവ് ഖത്താന്റെ' മനഃപരിവർത്തന കഥ പറയുന്നു. കൂട്ടുകാരനിൽനിന്ന് അഹ്മദ് ഹസൻ അയ്യൂബ് എന്ന പണ്ഡിതനെ പറ്റി അറിയുന്നതും അദ്ദേഹത്തിന്റെ പ്രഭാഷണം ശ്രവിക്കുന്നതും അത് കഴിഞ്ഞ് ശൈഖിനരികിൽ ചെന്ന് സലാം ചൊല്ലി ശൈഖിനെ കെട്ടിപ്പുണരുന്നതുമായ വിവരണം കണ്ണീരോടെയല്ലാതെ വായിക്കാനാവില്ല.

**മമ്മൂട്ടി കവിയൂർ, മസ്കത്ത്**